# KALAKAUMUDI

**Two tourism project submitted to SLBC**

**Date :** 19.6.2020 **| Edition : All Kerala | Page :** 5 **| Clip size (cm) : W:** 13 **H:** 10

---

# എസ്.എൽ.ബി.സിക്ക് മുമ്പിൽ ടൂറിസം വകുപ്പിന്റെ രണ്ടു പദ്ധതി

- സംസ്ഥാന ബാങ്കേഴ്സ് സമിതിയുടെ പിന്തുണ വേണമെന്ന് മന്ത്രി

തിരുവനന്തപുരം: ടൂറിസം മേഖലയിലെ പ്രതിസന്ധി മറികടക്കാൻ രണ്ട് പദ്ധതികൾ ടൂറിസം വകുപ്പ് എസ്.എൽ.ബി.സിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗത്തിലാണ് ടൂറിസം വകുപ്പ് പദ്ധതികൾ മുന്നോട്ടു വെച്ചത്. ചെറുകിട റിസോർട്ടുകൾ, ഹോംസ്റ്റേകൾ, സർവ്വീസ് വില്ലകൾ, ഗൃഹസ്ഥലി യൂണിറ്റുകൾ, റസ്പോൺസിബിൾ ടൂറിസം യൂണിറ്റുകൾ എന്നിവയ്ക്കായി ഒരു ലക്ഷം രൂപ മുതൽ 3 ലക്ഷം രൂപ വരെയുള്ള പ്രവർത്തന മൂലധന വായ്പാ പദ്ധതിയാണ്



കടകംപള്ളി

ആദ്യത്തേത്. ടൂർ ഓപ്പറേറ്റർമാർ, ഹോട്ടലുകൾ, റിസോർട്ടുകൾ, ആയുർവേദ കേന്ദ്രങ്ങൾ, ഹൗസ് ബോട്ടുകൾ, റസ്റ്റോറന്റുകൾ എന്നിവയ്ക്കായുള്ള 5 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെയുള്ള വായ്പാ പദ്ധതിയാണ് രണ്ടാമത്തേത്. രണ്ട് വായ്പാപദ്ധതികളിലുമായി ഏകദേശം 4500ഓളം യൂണിറ്റുകളെ സഹായിക്കണമെന്നും ഇതിനായി 355 കോടി രൂപ വേണ്ടി വരുമെന്നുമാണ് കണക്കാക്കിയിട്ടുള്ളത്. ഈ വായ്പകൾക്ക് കൊളാറ്ററൽ ഇല്ലാതെ, സി.ജി.ടി.എം.എസ്.ഇ കവറേജ് നൽകണമെന്നും തിരിച്ചടവ് ആരംഭിക്കുന്നിന് 4 മാസത്തെ മൊറൊട്ടോറിയം അനുവദിക്കണമെന്നും കുറഞ്ഞ പലിശ നിരക്കും കൂടിയ തിരിച്ചടവ് കാലയളവും അനുവദിക്കണെമെന്നും മന്ത്രി യോഗത്തിൽ അഭ്യർത്ഥിച്ചു.